**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4382      17.05.2017 ൽ മറുപടിക്ക്

## ഹോസ്പിറ്റൽ ഡെവലപ്പ്മെൻറ് കമ്മിറ്റി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജുകളിലെ ഹോസ്പിറ്റൽ ഡെവലപ്പ്മെൻറ് കമ്മിറ്റി ജീവനക്കാർക്ക് തുല്യ ജോലിക്ക് തുല്യവേതനം എന്ന നയം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | മെഡിക്കൽ കോളേജിൽ ഹോസ്പിറ്റൽ ഡെവലപ്പ്മെൻറ് സൊസൈറ്റി ജീവനക്കാർക്ക് തുല്യ ജോലിക്ക് തുല്യവേതനം എന്ന നയം നടപ്പിലാക്കിയിട്ടില്ല. |
| (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിയ്ക്കുന്ന പേയിംഗ് കൗണ്ടറിലെ ഹോസ്പിറ്റൽ ഡെവലപ്പ്മെൻറ് കമ്മിറ്റി ജീവനക്കാരുടെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന്റെ മാനദണ്ഡമെന്താണ്; | (ബി) | പേയിംഗ് കൗണ്ടറിലെ കേഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരിൽ Date of Joining കണക്കാക്കിയാണ് സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഫാർമസിസ്റ്റിന് മാത്രമായി സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (സി) | ഫാർമസി പാസായി രജിസ്ട്രേഷൻ ലഭ്യമായവരെയാണോ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടുത്തിയിട്ടുള്ളത്; ഹോസ്പിറ്റൽ ഡെവലപ്പ്മെൻറ് കമ്മിറ്റി ജീവനക്കാർക്ക് ഇ.പി.എഫ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കുമോ; വിശദാംശം അറിയിക്കമോ? | (സി) | ഫാർമസി പാസായി രജിസ്ട്രേഷൻ ലഭ്യമായവരെയാണ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടുത്തിയിട്ടുള്ളത്. HDS ജീവനക്കാർക്ക് ഇ.പി.എഫ് നടപ്പിലാക്കിയിട്ടില്ല. HDS ജീവനക്കാർക്ക് ഇ.പി.എഫ് നടപ്പിലാക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും (W.A.No.2482 OF2008&18100F2012 & W.P(C) No.18647OF2011 നമ്പരായി 09.11.2016-ൽ ഉത്തരവ് ലഭിച്ചിട്ടുണ്ട്.പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ